# മന്ദാരം

## സി.എഫ്.ഡി.എച്ച്.എസ്.എസ്. മാത്തൂർ



CFD SCHOOL
Mathur.
Excel through knowledge.

# സി.എഫ്.ഡി.എച്ച്.എസ്.എസ് മാത്തൂർ

# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ



# സന്ദേശം

വിദ്യാലയത്തിലെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റിലെ അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിൻ "മന്ദാരം" വളരെ നല്ല നിലവാരം പുലർത്തുന്നു. ക്ലബ്ബ് അംഗങ്ങൾക്കും അവരെ സഹായിക്കുന്ന അദ്ധ്യാപകർക്കും എല്ലാവിധ ആശംസയും നേരുന്നു.

ലീന. ജി

പ്രധാനാധ്യാപിക

സി.എഫ്.ഡി.എച്ച്.എസ്.എസ് മാത്തൂർ

**ഉള്ളടക്കം**

........................................................................4
സൗഹൃദം........................................................................5
മഴ........................................................................7
മഴ........................................................................8
ജീവിതം എന്ന മഹാസാഗരം........................................................................9
പൂക്കാലം........................................................................11
അന്ന് പെയ്ത മഴയത്ത്........................................................................12
പൂക്കാലം........................................................................13
മൂകത........................................................................15

-

# സൗഹൃദം

**" വർഷങ്ങൾ പിന്നെയും കഴിഞ്ഞു**
**ജീവിതത്തിൽ പലതും സംഭവിച്ചു ... "**

മറ്റെല്ലാവികാരങ്ങളേക്കാളും ഏറ്റവും നല്ല വികാരമാണ് സൗഹൃദം . നമുക്കെല്ലാവർക്കും സുഹൃത്തുക്കൾ ഉണ്ടാകും . അങ്ങനെ രണ്ടു സുഹൃത്തുക്കളെ പറ്റിയൊരു കഥയാണിത് .

സ്കൂൾ ജീവിതത്തിലും കോളേജ് ജീവിതത്തിലും ഉറ്റ സുഹൃത്തുകളായിരുന്ന അർച്ചനയും നന്ദനയും . നന്ദന പാവപ്പെട്ട വീട്ടിലെ ആയിരുന്നു . അർച്ചന അത്യാവശം മോശം അല്ലാത്ത വീട്ടിലേയും . നന്ദനയ്ക്ക് എന്തു ആവശ്യം ഉണ്ടെങ്കിലും അർച്ചനയുടെ അച്ഛനും അമ്മയും സഹായിക്കുമായിരുന്നു . നന്ദനയ്ക്ക് അച്ഛനില്ലായിരുന്നു . നന്ദനയുടെ അമ്മയ്ക്ക് കരൾരോഗമായിരുന്നു . അങ്ങനെ നന്ദനയും അർച്ചനയും സ്കൂൾ ജീവിതത്തിൽ നിന്ന് കോളേജ് ജീവിതത്തിലേക്ക് തേഞ്ഞുമാറി .

പക്ഷേ അവർ രണ്ടും രണ്ടു കോളേജിൽ ആയിരുന്നു . വർഷങ്ങൾ പിന്നെയും കഴിഞ്ഞു . ജീവിതത്തിൽ പലതും സംഭവിച്ചു . അർച്ചനയുടെ ജീവിതം പുരോഗമിക്കപ്പെട്ടു . നന്ദനയുടെ ജീവിതം വീണ്ടും കഷ്ടപ്പാടിലേക്കു തന്നെ . അങ്ങനെ ഒരു ദിവസം നന്ദനയുടെ അമ്മയ്ക്ക് അസുഖം കൂടി . അവളേയും അമ്മയേയും സഹായിക്കാൻ ആരുമില്ല . അവസാനം അമ്മ അവളെ വിട്ടുപോയി . അവൾ തേങ്ങി തേങ്ങി കരഞ്ഞു . ഈ വിവരമറിഞ്ഞ അർച്ചനയും മാതാപിതാക്കളും ഓടിപ്പാഞ്ഞെത്തി . അവർ അവരുടെ കർമ്മങ്ങൾ നടത്തി . നന്ദനയോട് അർച്ചനയുടെ അച്ഛൻ ചോദിച്ചു " ഇനി നീ എങ്ങോട്ട് പോകും ? " അവൾക്കു മറുപടിയില്ല. പിന്നീട് ഇടറിയ ശബ്ദത്തോടെ പറഞ്ഞു . " എനിക്ക് ബന്ധുക്കളൊന്നും ഇല്ല . അച്ഛൻ മരിച്ചതോടെ ഞങ്ങളേ പാതി ഉപേക്ഷിച്ചു . പിന്നീട് അമ്മയ്ക്ക് അസുഖം ആണെന്നറിഞ്ഞതോടെ മുഴുവനും" ഇതോടെ അവളുടെ വാക്കുകൾ നിന്നു . അവൾ

പൊട്ടിക്കരഞ്ഞു . അർച്ചനയുടെ മാതാവും പിതാവും കുറച്ചുമാറി നിന്നു സംസാരിച്ചതിനു ശേഷം അവരുടെ അടുത്തേക്ക് വന്നു . എന്നിട്ട് അവളെ കാറിൽ കയറ്റിയതിനു ശേഷം വീട്ടിലേക്ക് പോയി . വീടെത്തിയതിനു ശേഷം അവർ പറഞ്ഞു

“ നിനക്ക് ആരുമില്ലെന്ന തോന്നൽ വേണ്ട . നിനക്ക് ഞങ്ങൾ ഉണ്ട് . വർഷങ്ങൾ പിന്നെയും കഴിഞ്ഞാലും ജീവിതത്തിൽ പലതും സംഭവിച്ചാലും നീ പേടിക്കേണ്ട . ഒരച്ഛനും അമ്മയുമായി ഇനി ഞങ്ങൾ ഉണ്ടാകും നിന്റെ കൂടെ എന്നും എപ്പോഴും . ” അവൾ അവരെ കെട്ടിപ്പിടിച്ച് കരഞ്ഞു .

ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിച്ചാലും സൗഹൃദം എന്നത് എപ്പോഴും ഓർമകളായും വികാരങ്ങളായും കൂടെ ഉണ്ടാകും . സൗഹൃദം എന്ന വാക്കിൽ ഒളിഞ്ഞു കിടന്ന നല്ല സ്നേഹത്തെയാണ് അർച്ചനയും അവളുടെ വീട്ടുകാരും പുറത്തെടുത്തത് . നല്ല സുഹൃത്തുക്കൾ എന്നും നല്ല ഓർമകളായി മനസ്സിൽ ഉണ്ടാവും . അത് നിങ്ങൾ വേണ്ട സന്ദർഭത്തിൽ പുറത്തെടുത്തേ പറ്റൂ .

അല്ലെങ്കിൽ അതിനു ഒരു മൂല്യവും ഉണ്ടാവില്ല .

ബിൻസി . യു

8th C

# മഴ

പുതുമണം തൻ ഗന്ധമുണർത്തി
മേഘജാലങ്ങൾ വിണ്ടുകീറി
ഇരമ്പിക്കുടുന്ന മഴ...
തുള്ളിക്കൊരു കുടമായ് പെയ്ത്
ഭൂമിയെ ശാന്തമാക്കുന്ന .
പെയ്യുന്ന മഴ പെയ്യുന്ന ...
വാനിൽ മാരിവിൽ വർണ്ണം വീശി ...
ഇളം കാറ്റിനാൽ ഇരുണ്ടുകൂടുന്ന മഴ
ചിന്നുന്ന ചില്ലുപാത്രങ്ങൾ പോൽ...
ഓരോ മഴയും...ഏകുന്നതീ ജീവിതത്തിൽ
ഓരോരോ പുതുപുത്തൻ ഓർമ്മക്കാലം ...
മനസ്സിനെ തളർത്തുന്നരോരോ...ഓർമ്മകൾക്കും ...
മഴക്കാലങ്ങൾ പകരമായി ...
ഓരോരോ വർഷകാലവും ...
ഒരുക്കുന്ന ഭൂമിയെ പുതുപുത്തനായ്...
കൂടുതൽ മനോഹരിയാൽ ...

അനഘ . എം
9th c

# മഴ

മഴയുടെ  നാദം  കേൾക്കുവിൻ
മഴയുടെ  ഭംഗി കാണുവിൻ
മഴയുടെ  സൗന്ദര്യം  കണ്ടീടുവിൻ
ഈ  ജന്മം  സുഹൃദമായ്  തീർത്തീടുവിൻ

ഹരിഷ്മ . എച്ച്

# ജീവിതം എന്ന മഹാസാഗരം

ജീവിതം പല മധുര സംഭവങ്ങളും നൊമ്പരങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു . ഞാൻ ജനിച്ചപ്പോൾ തൊട്ട് കാണുന്ന എന്റെ കുടുംബം , അമ്മ എന്നത് എനിക്കൊരു വാക്കായിരുന്നില്ല . അമ്മയെ ഞാൻ മനസ്സുകൊണ്ട് അറിയുന്നുണ്ടായിരുന്നു . അമ്മയുടെ ഓരോ സ്നേഹസ്പന്ദനങ്ങളും ഞാൻ നുകർന്നിരുന്നു . എല്ലാ പരാതികൾക്കിടയിലും അതായിരുന്നു എന്റെ ആശ്വാസം . അമ്മയായിരുന്നു എനിക്ക് എല്ലാം . അമ്മയുടെ സ്നേഹം എന്നിലേക്ക് എന്നും ചൊരിഞ്ഞിരുന്നു . എന്നെ വളർത്തി ഇത്രയുമാക്കാൻ അമ്മ നന്നെ കഷ്ടപ്പെട്ടിരുന്നു .

രാപകലില്ലാതെ അമ്മ എനിക്കുവേണ്ടി കഷ്ടപ്പെട്ടിരുന്നു . എന്റെ പഠിത്തത്തിൽ അമ്മ നല്ലനണ്ണം ശ്രദ്ധിച്ചിരുന്നു . പഠിതത്തിൽ നിന്നും വേറെ ഒരു കാര്യത്തിലേക്കും ശ്രദ്ധതിരിയാൻ അമ്മ അനുവദിച്ചില്ല . വിദ്യാലയത്തിൽ എന്നും ഒന്നാം സ്ഥാനം എനിക്കായിരുന്നു . പത്താം ക്ലാസ്സിൽ മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് . അമ്മയാണ് ഉപരിപഠനത്തിന് ബയോളജി തിരഞ്ഞെടുക്കണം എന്ന് നിർദേശിച്ചത് . പ്ലസ് ടുവിലും നല്ല വിജയം കരസ്ഥമാക്കി .

അതിനുശേഷം മെഡിസിനു ചേരുവാൻ പറഞ്ഞതും അമ്മയായിരുന്നു .
കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേഷനം ലഭിച്ചു . ഹോസ്റ്റലിൽ നിന്നായിരുന്നു പഠിത്തം . പഠിത്തത്തിൽ ഏകാഗ്രത നിലനിർത്തി പഠിക്കുമ്പോഴെല്ലാം അമ്മയുടെ മുഖവും അമ്മ അനുഭവിച്ച കഷ്ടപ്പാടുകളും ഓർക്കും . ഞാൻ ഒരു ഡോക്ടറായി നല്ല നിലയിൽ കാണണെന്നും അമ്മ ആഗ്രഹിച്ചിരുന്നു . അങ്ങനെ പഠിത്തം കഴിഞ്ഞു . ഫസ്റ്റ് റാങ്ക് ലഭിച്ചു . പുറത്തുപോയി നല്ല നല്ല ഹോസ്പിറ്റലിൽ ജോലി നോക്കാനാണ് അമ്മ പറഞ്ഞത് . എന്നാൽ എനിക്ക് താൽപര്യം നാട്ടിൽ ഒരു ഹോസ്പിറ്റലിൽ ജോലിചെയ്ത് അമ്മയുടെ സ്നേഹത്തിൽ ജീവിക്കാനായിരുന്നു . എന്റെ ആഗ്രഹത്തിന് അമ്മ സമ്മതിച്ചു . ഇതെല്ലാം കഴിഞ്ഞിട്ട് ഇപ്പോൾ രണ്ട് വർഷമാകുന്നു .

ഇന്ന് അമ്മ എനിക്കൊപ്പമില്ല . ഞാൻ ജനിച്ചിട്ട് ആദ്യം കണ്ടമുഖം , എന്നെ സ്നേഹിച്ചും , ശാസിച്ചും വളർത്തിയ സ്നേഹം തുളുമ്പുന്ന മാതൃഹൃദയം അന്ന് വിശ്ചലമായി കിടക്കുന്നത് ഞാൻ കണ്ടു . എന്റെ ശക്തിയെല്ലാം ചോർന്നുപോകുന്നത് പോലെ എനിക്ക് തോന്നി . ഇന്ന്
അമ്മയുടെ സ്നേഹമില്ലാത്ത ലോകത്ത് എനിക്ക് മടുപ്പ് തോന്നുന്നുണ്ട് . എവിടെയായാലും അമ്മ എന്നെ ഓർക്കും എന്നതാണ് എന്റെ ആശ്വാസം .

ഹരിനന്ദന

# പൂക്കാലം

വസന്തത്തെ വരവേൽക്കുന്ന നാളുകൾ;
ആയിരം വർണങ്ങൾ വിരിച്ചപ്പോൽ
കളിയാടുന്ന പൂതനികൾ
നാളെയെ ഓർമിപ്പിച്ചടകൊണ്ട്
കളിചിരിയിലാടുന്ന കുട്ടിത്തങ്ങൾ
മാളോരെ കാണും നേരം
പൂത്തുലയുന്ന പൂവാടികൾ.
എല്ലാം നിറവിലാടുന്ന
പൂ വിശേഷങ്ങൾ
ഓണക്കാലത്തെ വരവേൽക്കുന്ന
മുക്കിറ്റിയും, മന്താരവും,
മാർകഴിയും, സൂര്യകാന്തിയും
വീടുകളെല്ലാം പൂക്കളാൽ
വർണ ശോഭയിൽ തിളങ്ങും
ഓരോ ദിവസവും ഭംഗി നിറച്ചുകൊണ്ട്;
കളിയാടുന്ന കുസുമങ്ങൾ.
എല്ലാം ഒരോർമകൾ മാത്രം
എവിടെ പോയെന്റെ നാളുകൾ
എല്ലാം മറക്കുന്നു സംസ്കാരം
നാളയെ വെല്ലുവിളിക്കുന്നു
കച്ചവട കുതന്ത്രങ്ങൾ
നശിച്ചു പോകുന്ന നാളെയേ...
വരവേൽക്കുന്നു നാളത്തെ തിന്മകൾ
മാറണം നാടക ഉലകം
മാറ്റണം നാടക ഉലകം
വസന്ത കാലങ്ങൾ ഇനി എന്നും
ഓർകളിൽ കലരുമോ നാളേ...
കച്ചവട ലാഭങ്ങൾക്കായ്
നശിക്കുന്നീ ബന്ധങ്ങൾ
എവിടെന്റെ വസന്തം
വരവേൽക്കണം വസന്തം
മന്നൻ കാത്തിരിപ്പൂ
വീണ്ടുമൊരു മലയാളി തനിമക്കായ്

SHEREEFA-U
X11 BS

# അന്ന് പെയ്ത മഴയത്ത്

ഒരു പൊതുസമൂഹത്തിനപ്പുറം കേരളം തന്നെ സാക്ഷിയായി മാറുന്ന ദുരന്താവസ്ഥയാണ് പ്രളയം .എന്റെ പേര് കാവ്യ. ഞാൻ കണ്ണൂർ ജില്ലയിലാണ് താമസിക്കുന്നത്.ഇക്കഴിഞ്ഞ പ്രളയത്തിൽ എന്റെ വീടും പരിസരവും എനിക്ക് നഷ്ടപ്പെട്ടു .നിരവധി കുടുബങ്ങളെ ഞാൻ പ്രളയത്തോടു സംബന്ധിച്ച് ക്യാമ്പിൽ കണ്ടു. അവരുടെ പ്രശ്നങ്ങൾ എന്നോടു അവർ പറഞ്ഞു. പ്രളയത്തിൽ എല്ലാം നക്ഷ്ടപ്പെട്ടവരായിരുന്നു. അവരെ അപേക്ഷിച്ച് നോക്കുമ്പോൾ എന്റെ പ്രശ്നം കുറവ് എന്ന് എനിക്ക് തോന്നി. നിരവധി മാതാപിതാക്കളും കുട്ടികളും ഉണ്ടായിരിക്കുന്നു. ദുരന്തത്തിന്റെഏറ്റവും ധാരുണമായ ചിത്രമാണ് എന്റെ ജില്ലയിലെ കവളപാറയിൽ നിന്നും കാണാൻ സാധിക്കുന്നത്.ജന്മനാ അച്ഛനെ നഷ്ടപ്പട്ട എനിക്ക് ആകെ ആശ്രയം അമ്മയായിരുന്നു. അമ്മ കഷ്ടപ്പെട്ട് കിടുന്നപൈസ കൊണ്ടാണ് തങ്ങളുടെ കുടുംബം മുന്നോട്ടു പോയത്. എന്റെ അമ്മ മാധവിക്ക് കഷ്ടപാടുകൾതന്നെയാണ് ജിവിതത്തിൽഏറെയും.പലപ്പോഴും ആശ്വാസമായി  മാറിയത് എന്റെ ചിരികളും കളികളുമാണ്.2018 ഓണം ആഘോഷിക്കാൻ കഴിയാതെ പോയിരുന്നു. ദൂരന്തങ്ങൾ നിറഞ്ഞജിവിതത്തിലൂടെ പ്രളയം  കടന്നുപോയി എന്നാൽ വീട്ടിൽ അത്രവെള്ളം എന്റെ ജിവിതത്തെ ഗുരുതരമായി ബാധിച്ചു. തങ്ങളുടെ  ഏക ആശയമായവിട് പാതിതകർന്നു. ഇപ്പോൾ താൻകഴിയുന്നത് ഒരു വാടക വീട്ടിലാണ്.പ്രളയം എല്ലാവരെയും പോലെ ഞങ്ങൾക്കു സമ്മാനിച്ചത് നാശനഷ്ടമായിരുന്നു. സർക്കാർ വീടു വച്ചു തരുമെന്ന  പ്രതീക്ഷയിലാണ് താൻ ജീവിക്കുന്നത്. +2 ഹ്യുമാന്റീസ് വിദ്യാർത്ഥിനിയാണ് ഞാൻ. കേരളം കണ്ട മഹാ ചരിത്ര പ്രളയം ഇനി ഉണ്ടാകാതിരിക്കട്ടെ എന്നു മാത്രമാണ് എന്റെ പ്രാർഥന. കേരളത്തിലെ പതനാലു ജീല്ലകളും ഒരുപാട് തകർന്നുപോയി.നാം എന്ന മനുഷ്യന്റെ അതിധാരുമമായ കീഴടക്കാനുള്ള അത്യാഗ്രഹവും ആവേശവുമാണ് നാശനഷ്ടങ്ങൽക്ക് കാരണം. ഒരേ ദു:ഖത്തിനു ഒരു സന്തോഷം കൂടെ ഉണ്ടാകും. കേരളം കണ്ട ചരിത്രപ്രളയത്തിലൂടെ സ്വാതന്ത്ര്യദിനം പോലും കടന്നുപോയതു  ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായ ഓണം.

NIMISHA.P
X11-B.S

# പൂക്കാലം

മണ്ണിലെ സുന്ദര സ്വർഗ്ഗം
മണ്ണിൻ സുഗന്ധം പരത്തുവനായി
വന്നെത്തിയതാണീ പൂക്കാലം
ഓരോ വർണ്ണവും ഭംഗിയാർന്നതായി
ഭൂമിക്ക് മന്ദഹാസം പകർന്ന
തരുമല്ലോ..........

എത്രയോ പൂക്കലം കടന്നുപോകിലും
ഇഷ്ട്മാണെന്നുമീ പൂക്കാലം
ചുറ്റും പരക്കുന്ന ഗന്ധവും
ചാരുതയേകുന്നോരി വർണ്ണവും
ആർക്കാണീ അനുഭൂതി
സ്വർഗ്ഗതുല്യമായി തോന്നാതിരിക്കുക

പിഞ്ചുക്കുഞ്ഞിനെ പോലെ
മന്ദഹസിക്കുന്ന പൂക്കളെ
കാണുവാൻ എന്തു ഭംഗി

നിറവും വർണ്ണവും വേറെയെന്നാലും
അവർ ഒന്നിച്ചുരും പോകും
ഏവർക്കും സന്തോഷാനുഭൂതിയും അവർ
ഒന്നിച്ചു തന്നെ നൽകുമല്ലോ

വ്യത്യസ്ത വർണ്ണവും,വ്യത്യസ്ത ഗന്ധവും,
വ്യത്യസ്ത രൂപവു ഉള്ള പൂക്കൾ
ഒന്നായി തീർക്കുന്നോരു സ്വഗ്ഗണ്
പൂക്കലം
എന്തു കൊണ്ടാണീ മനുഷ്യർ
മാത്രം ഒന്നായി ചേർന്നോരു
സ്വർഗ്ഗമുണ്ടാക്കാത്തെ
വ്യത്യസ്ത ജാതി വ്യത്യസ്ത വർണ്ണവും
വ്യത്യസ്ത മതമാണെന്നാങ്കിലും
ഒത്തുചേർന്നോന്നായി
നിർമ്മിക്കാം പൂക്കളെ പോലൊരും
സുന്ദര സ്വർഗ്ഗം
മാനവജാതീയിൽ സുന്ദര സന്ദേശം

നൽകാനായി വരുന്നതാണീ പൂക്കലം

ഭൂമികുമേൽ പൂക്കൾ തീർക്കുന്ന
സുന്ദര സ്വർഗ്ഗം പവിത്രമല്ലോ......
അവരുടെ സുന്ദര സുന്ദര സന്ദേശം
സത്യമാല്ലോ ഒന്നായി നിന്നാൽ
മാർക്കും സാധ്യമല്ലോ

വ്യത്യസ്ത വർണ്ണവും വ്യത്യസ്ത ഗന്ധവും
വ്യത്യസ്ത രൂപവും പൂക്കൾ തീരക്കുന്ന
സ്വർഗ്ഗമാണീ പൂക്കാലം
ഒന്നായി ചേർന്ന് മാനവൻമാർക്കുള്ള
സന്ദേശം.

"ഒന്നായി നിന്നാനാൽ ഭൂമികുമീതെ
നമ്മുകം തീർക്കാം സ്വർഗ്ഗാനഭൂതി
ഏവർകും ആഹ്ലാദിക്കുവനായി
മാനവൻമ്മാരുടെ സൂന്ദര സ്വർഗ്ഗം
പൂക്കളുടെ പൂക്കലാം പോലൊരു
സുന്ദര സ്വർഗ്ഗം

# മൂകത

ആ നാട്ടുവഴികളിലൂടെ അവൾ നടന്നു നീങ്ങി. ഇളംകാറ്റ് അവളുടെ മുടിയിഴകളിലൂടെ പാറിപ്പറന്നി നടക്കുമ്പോൾ അവളുടെ കൊലുസ്സ് വളരെ മനോഹരമായി കിലുങ്ങുന്നുണ്ടായിരുന്നു. സൂര്യരശ്മികൾ അവളുടെ പാവാടയെ കൂടുതൽ മനോഹരവും തിളക്കവുമാർന്നതുമാക്കി അവളുടെ കൈകളിൽ കുപ്പിവളകൾ മാന്ത്രികത തീർത്തു. നേർത്ത ഒരു പുഞ്ചിരിയുമായ് അവൾ നടന്നു.

ആ വഴി അവസാനിച്ചത് ഒരു ചെറിയ ഓടുവീട്ടിലാണ്. ചെറിയ വീടാണെങ്കിലും വളരെ വൃത്തിയാക്കി വീടൊരുക്കിവച്ചിരുന്നു. നടവഴിയിൽ പനിനീർപൂവും തെച്ചിയും മുല്ലയും മറ്റനേകം പൂച്ചെടികളും പൂത്തിരുന്നു. അവൾ വീടിനകത്തേക്ക് കയറി. നേരെ അവൾ ചെന്നത് പൂജാമുറിയിലേക്കാണ്. അവൾ ഏറെ നേരം കൃഷ്ണ വിഗ്രഹത്തിനു മുന്നിൽ തൊഴുതുനിന്നു. അവൾ അറിയാതെ തന്നെ അവളുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഇറ്റു വീണു. അവളുടെ മനസ്സിൽ ഉറഞ്ഞുകൂടിക്കിടന്ന സങ്കടങ്ങളുടെ പ്രവാഹമായിരുന്നു അവളുടെ കണ്ണുകളിൽ നിന്നും വന്നുകൊണ്ടിരുന്നത്.ദൈവത്തോട് അവൾക്ക് പരാതിയില്ല. തനിക്ക് സംസാരശേഷി നിഷേധിച്ചതിനും,അമ്മയെ നഷ്ടപ്പെടുത്തിയതിനും തന്റെ ജീവിതം സങ്കടപൂരിതമാക്കി തീർത്തതിനുമൊന്നും അവൾക്ക് പരാതിയോ പരിഭവമോ ഇല്ല. എല്ലാം തന്റെ വിതിയാണെന്നു കരുതി അവൾ സമാധാനിക്കുന്നു. പെട്ടന്ന് അടുക്കളയിൽനിന്നും ആരോ ലക്ഷ്മി എന്ന വിളിച്ചു. അത് അവളുടെ ചെറിയമ്മയായിരുന്നു. അവളുടെ അമ്മയുടെ മരണശേഷം അവളുടെ അച്ഛൻ വേറൊരു സ്ത്രീയെ കല്ല്യാണം കഴിക്കുകയും അതിൽ അവൾക്കൊരു അനിയൻ ജനിക്കുകയും ചെയ്തു. ചെറിയമ്മയ്ക്കോ അനിയനോ അവളോട് ഒരു തരി സ്നേഹം പോലുമില്ല. അവളുടെ അച്ഛനാണെങ്കിൽ മുഴുകുടിയനാണ്. സങ്കടങ്ങൾ പെരുകുന്ന ഒരു മനസ്സുമായാണ് അവൾ ജീവിക്കുന്നത്. സ്കൂളിൽ ചെല്ലുമ്പോൾ അവളുടെ കൂട്ടുകാരും അവളെ അവഗണിക്കുകയാണ് പതിവ്. അത് അവളുടെ മനസ്സിനെ കൂടുതൽ വേദനിപ്പിക്കുകയും ചെയ്യും. അങ്ങനെ ഒരു ദിവസം അവളുടെ ക്ലാസിൽ പുതിയതായി ഒരു കുട്ടി വന്നു. ഗോപിക എന്നായിരുന്നു അവളുടെ പേര്. അവൾ ലക്ഷ്മിയുമായ് കൂട്ടുകൂടുകയും അവളെ വളരെയധികം സ്നേഹിക്കുകയും ചെയ്തു. അത് അവളുടെ മനസ്സിലെ സങ്കടങ്ങൾക്കൊരു ശമനം നൽകി. അവളുടെ ജീവിതത്തിൽ സന്തോഷം നിറഞ്ഞു. അവളുടെ സന്തോഷം എന്നും നിലനിൽക്കും എന്ന് പ്രതീക്ഷിക്കുന്നു. സന്തോഷത്തിന്റെ പുത്തൻ ദീപങ്ങൾ അവളുടെ മനസ്സിൽ കത്തിജ്ജ്വലിച്ചു. മുഖത്ത് ഒരു പുഞ്ചിരിയുമായ് അവൾ നടവഴിയിലൂടെ നടന്നുനീങ്ങി.

ഹരിനന്ദന-എൻ
9-D

# നന്ദി